വിത്ത് ബിൽ - 2004

88 [399] *ശ്രീ. ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന വിത്തുബില്ല്-2004, സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബില്ലിലെ വ്യവസ്ഥകൾ കേരളത്തിലെ കർഷകരെയും ചെറുകിട നഴ്സറി ഉടമകളേയും ചെറുകിട വിത്തുവിതരണക്കാരെയും എപ്രകാരമാണ് ബാധിക്കുകയെന്ന് വെളിപ്പെടുത്താമോ;

(ബി) കൃഷി ഒരു സംസ്ഥാന വിഷയമായതിനാൽ സംസ്ഥാന കാർഷിക മേഖലയിലെ നയപരമായ തീരുമാനങ്ങളെടുക്കുന്നതിനു മുൻപായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി ആലോചിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിത്തുബിൽ 2004-ന്റെ കാര്യത്തിൽ ഇത്തരമൊരു പര്യാലോചന ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിത്തുബിൽ-2004 പരിഗണിക്കുന്ന പ്രൊഫസർ രാംഗോപാൽ യാദവ്, എം. പി. യുടെ നേതൃത്വത്തിലുള്ള പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും ദേഗതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ബില്ലിലെ 43 (1) വകുപ്പുപ്രകാരം കർഷകന് അവൻ സ്വയം ഉൽപ്പാദിപ്പിച്ചെടുക്കുന്ന വിത്തുകൾ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും മറ്റു കർഷകരുമായി പങ്ക് വയ്ക്കുന്നതിനും മറ്റ് കർഷകർക്ക് ഒരു പ്രത്യേക ബ്രാന്റിന്റെ പേരിലല്ലാതെ വിൽക്കുന്നതിനുമുള്ള അവകാശം സംരക്ഷിച്ചിട്ടുണ്ട്. ബില്ലിലെ 22 (1) വകുപ്പുപ്രകാരം ചെറുകിട വിത്തു വിതരണക്കാരും 23 (1) ചെറുകിട നഴ്സറി ഉടമകളും നിർബന്ധമായും കേന്ദ്രവിത്തു കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള രജിസ്ട്രേഷൻ സബ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

(ബി) കരുതുന്നുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്രപര്യാലോചനകളൊന്നും ഉണ്ടായിട്ടില്ല. അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുവാനുള്ള നിർദ്ദേശത്തിന്റെ കരട് സർക്കാരിന്റെ പരിശോധനയിലാണ്.

GPM. 2/360/2012.—18

LIBRARY ARCHIVES Kerala Legislative Assembly